നടക്കുതാഴ ജെബി സ്കൂൾ

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

2025-26

Scanned with CamScanner

# ആമുഖം

വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഇതിന്റെ ആദ്യപടി ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കികൊണ്ട് സ്കൂളിനെ സർവ്വാത്മനാ ഉയർത്തികൊണ്ടുവരിക എന്നതാണ്. ഇതിനുവേണ്ടി ക്രിയാത്മകവും പ്രായോഗികവുമായ ചില പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. അതുവഴി നടക്കുതാഴ ജെ.ബി. സ്കൂളിനെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നത്.

സമൂഹബന്ധിതമായി ജീവിക്കാൻ ഉതകുന്നതിന് വേണ്ടിയുള്ള അടിസ്ഥാന വിദ്യാഭ്യാസം നൽകികൊണ്ട് ആത്മവിശ്വാസമുള്ള യുവതലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വിഷൻ 100.

നടക്കുതാഴ ജെ.ബി .സ്കൂളിനെ ഏറ്റവും മികച്ച് വിദ്യാലയമാക്കി മാറ്റാനുള്ള പ്ലാനാണ് ഇത്. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ പഠനത്തോടൊപ്പം കലാപരവും കായികപരവും സാംസ്കാരികപരവുമായ നൈപുണ്യങ്ങളെ പ്രോത്സാഹിപ്പിച്ചും അവ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കികൊണ്ടും പഠിതാക്കളെ വിദ്യാലയ അന്തരിക്ഷവുമായി ഇണക്കിചേർത്ത് വിദ്യാലയം എന്നത് ഒരു വികാരമാക്കി മാറ്റാനൊതുകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ടുവെക്കുന്നത്. അനുദിനം മാറ്റികൊണ്ടിരിക്കുന്ന ബോധന രീതിയും പഠനം മനശാസ്ത്രപരമായും രൂപം നൽകിയ പുത്തൻ ആശയങ്ങളും പ്രായോഗിക തലത്തിലുള്ള ന്യൂനത സാങ്കേതിക വിദ്യകളുടെ ഉപേയോഗവും വിദ്യാർത്ഥികൾക്ക് പുതിയ പഠനാനുഭവം ഒരുക്കി പഠനത്തോട് താൽപര്യവും അഭിരുചിയും വർദ്ധിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതി മുന്നോട്ട് വയ്ക്കുന്നത്.

Scanned with CamScanner

# വിദ്യാലയ ചരിത്രം

വടകര വിദ്യാഭ്യാസ ജില്ലയിലെ എയ്ഡഡ് എൽ.പി.വിദ്യാലയങ്ങളിൽ ഒന്നായ നടക്കുതാഴ ജെ.ബി.സ്കൂൾ ആരംഭിച്ചത് 1903 ലാണ്. ഈ വിദ്യാലയം 122 വർഷം പിന്നിട്ടിരിക്കുന്നു. ആദ്യകാലത്ത് ഈ വിദ്യാലയം വളയന്ത് എന്ന സ്ഥലത്തായിരുന്നു. പിന്നീട് അല്ലൂരാന് നമ്പ്യാരുടേതായുള്ള ഒരു പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചു എന്നും ഏകദേശം 80 വർഷങ്ങൾക്ക് മുമ്പ് ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറ്റിയതായും അറിയുന്നു. ഇപ്പോൾ ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് വടകരയിലും പുത്തൂർ ഹയർസെക്കന്ററി സ്കൂളിനും ഗ്ലോബൽ വിമൻസ് കോളേജിനും അടുത്തായിട്ടാണ്. നടക്കുതാഴ ഹിന്ദു സ്കൂൾ, നായന്മാരുടെ സ്കൂൾ എന്നുള്ള പേരുകളിൽ അറിയപ്പെട്ടിരുന്ന കാലത്താണ് നടക്കുതാഴ ജെ.ബി.സ്കൂൾ എന്നറിയപ്പെട്ടു തുടങ്ങിയത്. ഈ വിദ്യാലയത്തിന്റെ മുൻകാല മാനേജർ ശ്രീ. കുഞ്ഞിരാമക്കുറുപ്പ് ആയിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം മാനേജരായി ചുമതല വഹിച്ചിരുന്നത് അദ്ദേഹത്തിന്റെ പത്നി ശ്രീമതി.കുഞ്ഞി പാർവ്വതി അമ്മയാണ്. ശ്രീമതി. കുഞ്ഞിപാർവ്വതി അമ്മയും മരണശേഷം കൊച്ചുമകൾ സജിത് മാനേജർ സ്ഥാനം ഏറ്റെടുത്തു വരികയാണ്. സാമൂഹ്യ പ്രവർത്തനങ്ങളിൽ പ്രാമുഖ്യം തെളിയിച്ച നിരവധി അദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു. സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രാമുഖ്യം തെളിയിച്ചുകൊണ്ടിരിക്കുന്ന നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലായി ഇരുന്നൂറിലധികം വിദ്യാർത്ഥികൾ ഈ സ്കൂളിൽ ഉണ്ടായിരുന്നു. എന്നാൽ കുറച്ച് വർഷങ്ങളായി ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞെങ്കിലും കഴിവുറ്റ അദ്ധ്യാപകരുടെ നിരന്തര ഇടപെടലുകൾ മൂലം കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ 2018 മുതൽ എൽ.കെ.ജി, യു.കെ.ജി വിദ്യാലയങ്ങളുടെയും നടക്കുതാഴ ജെ.ബി.സ്കൂളിനൊപ്പം ചേർന്നു പ്രവർത്തിക്കുന്നു.

Scanned with CamScanner

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ
- മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ


Scanned with CamScanner

## പൊതുലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയും വികസനവും സാധ്യമാക്കുക.
- പ്രകൃതിവിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും പരിപോഷിപ്പിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.
- കുട്ടികളെ നല്ല വായനക്കാരനാക്കുക.
- ലൈബ്രറി ശക്തമാക്കുക.
- ഭാഷ എഴുതാനും വായിക്കാനും കുട്ടിയെ പ്രാപ്തരാക്കുക.
- ICT അധിഷ്ഠിതമായ പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുന്നു.
- പ്ലാസ്റ്റിക് വിമുക്ത അന്തരീക്ഷം വിദ്യാലയത്തിൽ ഒരുക്കുക.
- രക്ഷിതാക്കളിൽ വായനാസംസ്കാരം വളർത്തിയെടുക്കുക.
- വിദ്യാലയങ്ങളും സമൂഹവുമായി ബന്ധം ദൃഢമാക്കുന്നു.
- സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുക.
- കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കും.

Scanned with CamScanner

വിദ്യാലയം മികവിന്റെ കേന്ദ്രം

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

മാനവികത സ്നേഹം കരുണ വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ ഓരോ ക്ലാസിലെയും കുട്ടികൾ ആർജ്ജിക്കേണ്ട മികവാർന്നശേഷികളും ധാരണകളും കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പാക്കൽ

നാടക കളരി സാഹിത്യ പോഷണ പരിപാടികൾ

പാരിസ്ഥിതികാവ ബോധത്തോടെയുള്ള ജീവിതവും വികസനവും സങ്കല്പവും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ

Scanned with CamScanner

മേഖല,ഉപമേഖല,ലക്ഷ്യം,കാലം ,പ്രവർത്തനങ്ങൾ,ചുമതല,സാമ്പത്തിക വിശകലനം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസുവരെ 35 കുട്ടികളാണ് പഠിതാക്കളായി ഉള്ളത്

എൽഎസ്എസ് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.രാഷ്ട്രീയ സാമൂഹിക അക്കാദമിക രാഷ്ട്രീയ രംഗങ്ങളിൽ സാന്നിധ്യം അറിയിച്ച നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികൾ ആണ്.2024 25 വർഷം അക്കാദമിക മേഖലകളിലും കലാകായിക മേഖലകളിലും മികച്ച വിജയം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്

Scanned with CamScanner

പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

എസ് ആർ ജി യോഗം സ്റ്റാഫ് യോഗം പിടിഎ യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

അക്കാദമിക ആവശ്യങ്ങൾക്ക് പദ്ധതി ലക്ഷ്യം പ്രവർത്തനം തുക കാലയളവ് എന്നിവ നിശ്ചയിക്കൽ

കരട് രൂപരേഖ എസ് ആർ ജി എസ് എം സി പി ടി എ എം പി ടി എ സ്റ്റാഫ് കൗൺസിൽ എന്നിവർക്കു മുന്നിൽ അവതരിപ്പിക്കൽ

മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

•ഭാഷാശേഷി വികസനം

•ഗണിതശേഷി വികസനം

•ഇംഗ്ലീഷ് പഠന പരിപോഷണം

•വായനാ പരിപോഷണം

•പഠനയാത്ര

•കലാകായികമേള ,ഐടി പരിശീലനം

•അധ്യാപക ശാക്തീകരണ പരിപാടികൾ

•ക്ലാസ് പിടിഎ സജീവമാക്കൽ

•സ്കൂൾ പത്രം ,മാസിക

•ഒന്നാം ക്ലാസ് ഒന്നാന്തരം

•ശാസ്ത്രഭിരുചി

വളർത്തൽ

•പച്ചക്കറിത്തോട്ടം

•മൂല്യനിർണയം ,നിരന്തര വിലയിരുത്തൽ

•ദിനാചരണം കായിക പഠനം

Scanned with CamScanner

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

•സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുക

•കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്കാവശ്യമായ പഠന പിന്തുണ നൽകുക

•നിത്യജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങൾ (വ്യക്തി ശുചിത്വം,പരിസര ശുചിത്വം)

•റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട വ

•ആരോഗ്യം വ്യായാമം കായികക്ഷമത

•ഡിജിറ്റൽ അച്ചടക്കം

•പൊതുമുതൽ സംരക്ഷണം

•പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്

Scanned with CamScanner

# മലയാളം

മലയാളി മലയാളത്തെ അറിയുക മലയാള ഭാഷയെ അറിയുക എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് എല്ലാകുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നു.

| ക്രമനമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ചിത്രവായന, അക്ഷരകാർഡ് നൽകൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്യങ്ങൾ ഉറപ്പിക്കൽ, വായനമത്സരം, വാക്യങ്ങൾ നിർമ്മിക്കൽ (സിഡി) | മധ്യകാലം | പുസ്തകം, സിഡി കാർഡ് (ചിത്രങ്ങൾ, പദങ്ങൾ) | അധ്യാപക കൂട്ടായ്മ, ബി ആർ സി, പിടിഎ |

Scanned with CamScanner

| | | | | | |
|---|---|---|---|---|---|
| 2 | [illegible] ആവിഷ്കരണം | നാടക രചന അവതരണം, രചനാമത്സരം (കഥ, കവിത) മാഗസിൻ നിർമ്മാണം, വാർത്താ അവതരണം. (സ്കൂൾ തല വാർത്തകൾ) | ദീർഘ കാലം | പുസ്തക ങ്ങൾ, പത്രങ്ങൾ/മാ ഗസിൻ | കുട്ടികൾ, അധ്യാപക ർ, പിടിഎ |
| 3 | കുട്ടിയെ മികച്ച വായനക്കാര നാക്കുക | വായനാമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, ഗ്രന്ഥശാല അംഗത്വം, പത്ര വായന, വായനാക്കുറിപ്പ്, ബാലസഭ, ദിനാചരണങ്ങൾ, വായനാസാമഗ്രിക ൾ തയ്യാറാക്കൽ, ഐ ടി സഹായം ( [illegible] ) | മധ്യക ാലം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ഗ്രന്ഥശാല, ഐസിടി | പിടിഎ, എസ്എസ് ജി, ബിആർസി |
| 4 | ഉത്തരപ്പെട്ടി | പത്ര വായന [illegible] | ഹ്രസ്വ കാലം | പത്രങ്ങൾ | അധ്യാപക ർ |

Scanned with CamScanner

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം, ക്വിസ് മത്സരം. | | | |
| 5 | അമ്മവായന | ലൈബ്രറി വിതരണം, ക്വിസ് മത്സരം | മധ്യക ല | പുസ്തക ങ്ങൾ | പിടിഎ |
| 6 | അസംബ്ലി | പത്ര വായന, പുസ്തക പരിചയം | പ്രവസ കല | പത്രം, പുസ്തക ങ്ങൾ | കുട്ടികൾ |

## ഭാഷപരമായ പിന്നോക്കവസ്ത പരിഹരിക്കൽ

- ചിത്രവായന- കുട്ടികൾ ചിത്രങ്ങൾ പരിചയപ്പെടുത്തുന്നു. (സിഡി. ചിത്രങ്ങൾ)
- അക്ഷരക്കാർഡ് പരിചയപ്പെടുത്തുന്നു.
- അക്ഷരം ഉറപ്പിക്കുന്നു
- വാക്യങ്ങൾ ചിത്രവായനയിലൂടെ ഉറപ്പിക്കുന്നു (സിഡി പരിചയം) കഥാവരണം

## മികവുറ്റ ഭാഷാപ്രകടനം

- പാഠാനുബന്ധ നാടകരചന
- സംഭാഷണം എഴുതുക.
- ലഘു നാടകങ്ങൾ പരിചയപ്പെടുന്നു.
- വിഷയാനുബന്ധമായി കഥ, കവിത രചന.
- സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ പ്രകാശനം.

Scanned with CamScanner

## ഗണിതം മധുരം:-

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ:- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകി കൊണ്ട് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

- ക്ലാസിലൊരുകച്ചവടം : ക്ലാസ്സ് മുറിയിൽ ഒരു കച്ചവട മൂല ഒരുക്കുന്നു. (സങ്കലനം, വ്യവകലനം, ഗുണിതം, ഹരണം)
- കലണ്ടറിനെ അറിയാം:- കലണ്ടർ നിർമ്മാണം
- സമയം:- ക്ലോക്ക് നിർമ്മാണം
- അക്കങ്ങൾ ഉറപ്പിക്കൽ:- ചിത്രങ്ങളിലൂടെ അക്കങ്ങൾ ഉറപ്പിക്കുന്നു
- ഗണിത കേളി: മനക്കണക്ക് ചോദ്യോത്തരക്കളി
- ചോദ്യനിർമ്മാണം:- ശേഷിവികസനവുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ നിർമ്മിക്കുന്നു
- പാറ്റേൺ രൂപികരണം:
- ജ്യാമിതീയ രൂപങ്ങൾ:- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു, നിർമ്മിക്കുന്നു.

Scanned with CamScanner

ഗണിതം

ഒരു വ്യക്തിയുടെ നിത്യജീവിതത്തിൽ ഗണിതം കൈകാര്യം ചെയ്യുന്ന അവസരങ്ങൾ അനവധിയുണ്ട്. അതുകൊണ്ട് അതിനുതകുന്ന പ്രവർത്തനങ്ങൾ പ്രൈമറി ലെവലിൽ തന്നെ ഓരോ കുട്ടിക്കും പ്രയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക എന്നതാണ് ലക്ഷ്യം

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതം മധുരം | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഗെയിംസ് കളി എണ്ണിയും പാടിയും ഉറപ്പിച്ചൊരു കളിവട്ടം. സംഖ്യാ കാർഡ് തയ്യാറാക്കൽ, ഗണിതപാട്ടുകൾ, ജ്യാമിതി, കലണ്ടറിനെ അറിയാം | ഹ്രസ്വകാല | അക്ക കാർഡ് ജ്യാമിതി, ചാർട്ട് മാതൃകാ കലണ്ടർ | അധ്യാപകർ |
| 2 | ഗണിത ലാബ് | ഗണിതവുമായി ബന്ധപ്പെട്ട് ക്ലാസ് റൂമിൽ രൂപപ്പെട്ട ഉൽപന്ന പ്രദർശനം | ദീർഘകാലം | ഉൽപന്നങ്ങൾ | പിടിഎ |

Scanned with CamScanner

# പരിസരപഠനം

ശാസ്ത്രപരിജ്ഞാനം വളർത്താൻ ഉതകുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്ര മനോഭാവം വളർത്തൽ | ശാസ്ത്ര പരീക്ഷണങ്ങൾ<br>നിരീക്ഷണം<br>ഐ.സി.ടി സാധ്യത | ദീർഘകാലം | ഐ.സി.ടി ശാസ്ത്ര പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ |
| 2 | ക്ലബ്ബ് രൂപീകരണം | ശാസ്ത്രക്ലബ്ബ് രൂപീകരണം<br>ഫീൽഡ് ട്രിപ്പ്<br>ശാസ്ത്ര ക്വിസ്<br>ദിനാചരണങ്ങൾ | | | |
| 3 | ക്യാമ്പ് | പഠനോപകരണ നിർമ്മാണം<br>ഉൽപന്നപ്രദർശനം | | നിർമ്മാണ വസ്തുക്കൾ | |
| 4 | ശേഖരണം | വിത്ത് ഇലകൾ സ്റ്റാമ്പ് | | | |

Scanned with CamScanner

## ഇംഗ്ലീഷ്

എല്ലാം കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വികസിപ്പിക്കുക

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാസി ഇംഗ്ലീഷ് | പിക്ചർ റീഡിംഗ്, ഇംഗ്ലീഷ് ലൈബ്രറി, ഐസിടി പ്രദർശനം, കാർട്ടൂൺ കഥകൾ, ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് അസംബ്ലി, ന്യൂസ് പേപ്പർ റ്റൂളിങ്, ഇംഗ്ലീഷ് സ്കിറ്റ്, ഇംഗ്ലീഷ് ഗയിം, കലക്ഷൻ | ദീർഘകാല പ്രവർത്തനങ്ങൾ | പിക്ചർ കാർഡ്, ന്യൂസ് പേപ്പർ, ഇംഗ്ലീഷ് ലൈബ്രറി ബുക്ക്, സിഡി | ക്ലാസ് ടീച്ചർ, പിടിഎ |

Scanned with CamScanner

# കല, കായിക പ്രവൃത്തി പരിചയം

സർഗ്ഗവാസനകൾ ഓരോ കുട്ടികളിലും ഉണ്ടായിരിക്കും അവരുടെ അഭിരുചികൾ കണ്ടെത്തി അതിനുവേണ്ട പരിശീലനം കുട്ടികൾക്ക് നൽകേണ്ടതുണ്ട് വ്യക്തിത്വവികസനം നേതൃപാടവം തുടങ്ങി നൈപുണികൾ വികസിപ്പിക്കുന്നത്.

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കായികക്ഷമത വളർത്തുക | മാസ് ഡ്രിൽ<br>മാർച്ച് പാസ്റ്റ് (പരിശീലനം)<br>നാടൻ കളികൾ പരിശീലനം<br>കോഴിയും കുറുക്കനും<br>ഗോലികളി<br>സ്പോർട്സ് ക്ലബ് | ദീർഘ കാലം | കളി ഉപകരണങ്ങൾ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി |
| 2 | സർഗ്ഗാത്മക കഴിവുകൾ തിരിച്ചറിയുക | ചിത്രരചനാപരിശീലനം<br>സംഗീത പരിശീലനം<br>പാവനാടകം | ദീർഘകാലയളവ് | പൂർവ്വവിദ്യാർത്ഥികൾ | |

Scanned with CamScanner

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

Scanned with CamScanner

# അറബിക്

പ്രവർത്തനം : 1

പേര് : ലോക ഭാഷ - അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

Scanned with CamScanner

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ.<br>നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG<br>PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG<br>CT | |

Scanned with CamScanner